

കാലഘട്ടത്തെ സമർത്ഥമായി വിനിയോഗിച്ച പ്രതിഭ

അഭിഭാഷകനാകണമെന്ന മോഹത്തോടെയാണ് രബീന്ദ്രനാഥ ടാഗോർ ഇംഗ്ലണ്ടിലെ ബ്രൈറ്റൺ സർക്കാർ വിദ്യാലയത്തിൽ ചേർന്നത്. ലണ്ടൻ സർവകലാശാല കലാലയത്തിൽ നിയമ വിദ്യാർത്ഥിയായി പഠനം ആരംഭിച്ചെങ്കിലും ബിരുദമെടുക്കാതെ ബംഗാളിലേക്കു മടങ്ങി. 1890ൽ ബംഗ്ലാദേശിലെ ഷിലൈധയിൽ 'പദ്മ' എന്ന പത്തേമാരിയിൽ താമസം ആരംഭിച്ചു. ഈ കാലം ടാഗോറിന്റെ 'സാധന' കാലഘട്ടം എന്നാണ് വിശേഷിപ്പിക്കുന്നത്. സാഹിത്യപരമായി ടാഗോറിന്റെ ഏറ്റവും കരുത്തുറ്റ കാലമായിരുന്നു ഇത്. വിരോധാഭാസവും വികാരാധിക്യവും നിറഞ്ഞ എൺപത്തിനാലു കഥകളടങ്ങിയ 'ഗൽഗുച്ഛ' യുടെ പകുതിയും അദ്ദേഹം പൂർത്തിയാക്കിയത് ഈ കാലത്താണ്. ജീവിതത്തിലെ ഓരോ കാലഘട്ടവും ക്രിയാത്മകമായി ഉപയോഗിക്കുന്നവരാണ് മഹാന്മാർ.

www.keralakaumudi.com www.facebook.com/keralakaumudi

ലക്ഷ്യ

കഴിവുകളില്ലാത്തവരായി ആരുമില്ല. എന്നാൽ സ്വന്തം കഴിവുകളെ മനസിലാക്കാതെ മാറി നിൽക്കുന്നത് വിഡ്ഢിത്തമാണ്. അവരവരുടെ ഇഷ്ടമേഖലയും അഭിരുചിയും കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് സ്വയമാണ്.

ബിരുദത്തിന് അല്പം കളർ ആകാം

വെറുമൊരു ബിരുദം! അതിലെന്ത് പ്രത്യേകത. എന്നാൽബിരുദത്തോടൊപ്പം ഒരു സർട്ടിഫിക്കറ്റ്കോഴ്സ് കൂടി പൂർത്തിയാക്കിയെങ്കിലോ? കാര്യം അല്പം കൂടി കളറായി. ഒരു ബിരുദാനന്തര ബിരുദം കൂടിയുണ്ടെങ്കിൽ സംഗതി അതിലും മികച്ചതാകും. ഉന്നത വിദ്യാഭ്യാസ തൊഴിൽ മേഖലയിൽ യോഗ്യത കൂട്ടം തോറും ഏറെ അവസരങ്ങൾ നമ്മെ തേടിയെത്തും.

ബിരുദത്തിന് മികവേകാൻ മൂല്യ വർദ്ധിത കോഴ്സുകളാണ് തിരഞ്ഞെടുക്കേണ്ടത്. മികച്ച തൊഴിൽ സാദ്ധ്യതയുള്ള,കാലത്തിനിണങ്ങിയപുത്തൻകോഴ്സുകൾ വേണം തിരഞ്ഞെടുക്കാൻ.

സ്ലീപ്സയൻസ്

ഉറക്കത്തെപറ്റിഒരുകോഴ്സോ?അദ്ഭുതപ്പെടാൻവരട്ടെ. ഉറക്കത്തെക്കുറിച്ചുള്ള ശാസ്ത്രശാഖയായ സ്ലീപ് സയൻസ് വിപുലപ്പെട്ട വരികയാണ്. രാജ്യത്ത് സ്ലീപ് ക്ലിനിക്കുകൾക്ക് സാദ്ധ്യതയുണ്ട്. ഇതിൽ സർട്ടിഫിക്കറ്റ് ഡിപ്ലോമ, ഡിഗ്രി, പി. ജി. പ്രോഗ്രാമുകളുണ്ട്. സ്ലീപ് ടെക്നോളജി, ബയോ ടെക്നോളജി, മാനേജ്മെന്റ് എന്നിവ പ്രധാനപ്പെട്ട കോഴ്സുകളാണ്. ആസ്ട്രേലിയയിലെ യൂണിവേഴ്സിറ്റി ഒഫ് വെസ്റ്റേൺ ആസ്ട്രേലിയ, സിഡ്നി, ഓക്സ്ഫോർഡ് സർവകലാശാല എന്നിവിടങ്ങളിലാണ് ഈ ഉറക്ക കോഴ്സുകളുള്ളത്.

കൂടുതൽ വിവരങ്ങൾക്ക് www.uwa.edu.au, www.sydney.edu.au, www.eye.ox.ac.uk സന്ദർശിക്കുക.

അനലിറ്റിക്സ്

അനലിറ്റിക്സിന്റെ സാദ്ധ്യത അനന്തമാണ്. ഐ. ടി. സ്റ്റാറ്റിസ്റ്റിക്സ്, മാനേജ്മെന്റ്, മാത്തമാറ്റിക്സ് മുതലായവ സമന്വയിപ്പിച്ചുള്ള അനാലിറ്റിക്സ് കോഴ്സുകളുണ്ട്. ബിഗ് ഡേറ്റ അനാലിറ്റിക്സ്, ക്ലൗഡ്, മൊബൈൽ, വെബ് അനലിറ്റിക്സ്, ഗ്രൂഗിൾ അനലിറ്റിക്സ്, ബിസിനസ് അനലിറ്റിക്സ് എന്നിവയിൽ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകളുണ്ട്. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് കൊൽക്കത്ത, ഐ. ഐ. ടി, ഗോരഖ്പൂർ, എന്നിവ നടത്തുന്ന അനാലിറ്റിക്സ് പ്രോഗ്രാമുകൾ മികച്ചതാണ്. അനലിറ്റിക്സ്കിൽ ബിസിനസിൽ അനലിറ്റിക്സിൽ ഐ. എസ്. ബി. ഹൈദരബാദ്, ഐ. എ. എം. ലക്നൗ, ബാംഗ്ലൂർ, അഹമ്മദാബാദ് എന്നിവിടങ്ങളിൽ അനലിറ്റിക്സിൽ കോഴ്സുകളുണ്ട്.ഐ.ഐ.ടി.ബാംഗ്ലൂർ,ഐ.ഐ.എം.റാഞ്ചി, ലേക്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് ചെന്നൈ എന്നിവിടങ്ങളിലും അനലിറ്റിക്സ് കോഴ്സുകളുണ്ട്.

വിവരങ്ങൾക്ക്: www.analyticsindiamag.com, www.analyticstraining.in, www.learningtree.com

ആക്ച്വറിയൽ സയൻസ്

2020 ഓടെ ബാങ്കിംഗ്, ഇൻഷ്വറൻസ്, ധനകാര്യ മേഖലകളിൽ 20 ലക്ഷം തൊഴിലവസരങ്ങളാണ് വരാനിരിക്കുന്നത്. ലൈഫ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ്, റിസ്ക് മാനേജ്മെന്റ്, ആക്ച്വറിയൽ സയൻസ് എന്നിവയിലുള്ള ബിരുദാനന്തര ഡിപ്ലോമ എന്നിവയും ബിരുദം പൂർത്തിയാക്കിയവർക്കുള്ള മികച്ച പ്രോഗ്രാമുകളാണ്. സാമ്പത്തിക വിശകലനം, റിസ്ക് അനാലിസിസ്, ഇൻഷ്വറൻസ്മാനേജ്മെന്റ്എന്നിവതൊഴിലവസരങ്ങളുള്ള മികച്ച കോഴ്സുകളാണ്. ഹൈദരാബാദിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഷ്വറൻസ് ആൻഡ് റിസ്ക്മാനേജ്മെന്റാണ് കോഴ്സ്നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക്www.iirmworld.org.in സന്ദർശിക്കുക.

ഇവന്റ്മാനേജ്മെന്റ്

ഇന്ന് പരിപാടികൾ സംഘടിപ്പിക്കാൻ ഇവന്റ് മാനേജ്മെന്റ് ശ്രുഷകളെ ആശ്രയിക്കുന്നവരാണ് ഏറെയും. ഇവന്റ് മാനേജ്മെന്റിൽ ഡിപ്ലോമ, ബിരുദാനന്തര ഡിഗ്രി, എം. ബി. എ. പ്രോഗ്രാമുകളുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇവന്റ് മാനേജ്മെന്റ്, മുംബയ്, പേൾ അക്കാഡമി, മുംബയ് നാഷണൽ അക്കാഡമി ഒഫ് ഇവന്റ് മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ്, ജയ്പൂർ മുതലായവ രാജ്യത്തെ പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. യു. കെ, അമേരിക്ക, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലും ഇവന്റ് മാനേജ്മെന്റ് പ്രോഗ്രാം നടത്തുന്ന സർവകലാശാലകളുണ്ട്. മാഞ്ചസ്റ്റർ, ഓക്സ്ഫോർഡ്, ഫ്ലോറിഡ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, മെൽബൺ സർവകലാശാല എന്നിവ ഇവയിൽ ചിലതാണ്.

ഫുട്ട്വെയർ ഡിസൈൻ, എന്റർപ്രണർഷിപ്

വസ്ത്രത്തെ പോലെ പാദരക്ഷ ഡിസൈനിംഗും ക്രിയേറ്റിവിറ്റി പ്രകടമാക്കാൻ കഴിയുന്ന മേഖലയാണ്. ഇതുമായി ബന്ധപ്പെട്ട സംരംഭകത്വവും. ഡിസൈൻ, പ്രൊഡക്ഷൻ എന്നിവയിലും റീട്ടെയിൽ, ഫാഷൻ - മെർച്ചന്റൈയിസ്, ലെതർ, ആക്സസറി ഡിസൈൻ, ബിസിനസ് ആൻഡ് എന്റർപ്രണർഷിപ്, എന്നിവയിൽ മികച്ച കോഴ്സുകളുണ്ട്. ഇവയിലുള്ള എം. ബി. എ. പ്രോഗ്രാമിന് ഏത് ബിരുദധാരിക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്www.fddiindia.com സന്ദർശിക്കുക.

പബ്ലിക് പോളിസി

രാജ്യത്ത് വികസനം, നയരൂപീകരണം, തുടങ്ങിയ മേഖലകളിൽ സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മാദ്ധ്യമങ്ങൾ മുതലായവയിൽ പ്രവർത്തിക്കാൻ ഉതകുന്ന കോഴ്സാണ്പബ്ലിക്പോളിസി. സിവിൽ സർവീസസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക്ഏറെഗുണംചെയ്യുന്ന കോഴ്സുകൂടിയാണിത്. ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി, എത്തിക്സ്, സോഷ്യോളജി, മുതലായവ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പബ്ലിക്പോളിസിയിൽ രണ്ടുവർഷത്തെ ഫുൾടൈം, പാർടൈം എം. എ. പ്രോഗ്രാം, ജിൻഡാൽ സ്കൂൾ ഒഫ് ഗവൺമെന്റ് ആൻഡ് പബ്ലിക്ക് പോളിസിയിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക്www.jsgp.edu.in സന്ദർശിക്കുക.

ഡോ. ടി.പി. സേതുമാധവൻ
വിദ്യാഭ്യാസ വിദഗ്ധനും എഡ്യൂക്കേഷൻ ആൻഡ് കരിയർ കൺസൾട്ടന്റുമാണ് ലേഖകൻ. കോഴിക്കോട് യു.എൽ എഡ്യൂക്കേഷൻ ഡയറക്ടറാണ്.

കാണേണ്ട ലോകം ക്ലാസ്മുറിക്ക് പുറത്ത്

പ്ലസ്ടു കഴിഞ്ഞ് മദ്രാസ് ഐ.ഐ.ടിയിൽ പ്രവേശനം ലഭിച്ചെങ്കിലും അനാമികയുടെ മനസിൽ ആശങ്കകൾ ഏറെയുണ്ടായിരുന്നു. പ്ലസ് ടു വരെ കേരളത്തിൽ തന്നെ പഠിച്ച അവൾക്ക് ഇംഗ്ലീഷ് സംസാരിക്കുക തന്നെയായിരുന്നു വലിയ പ്രതിബന്ധം. നന്നായി പഠിച്ച് ഐ. ഐ. ടിയിൽ പ്രവേശനം ലഭിച്ചെങ്കിലും ഭാഷയുടെ മുന്നിൽ അവൾ കഴങ്ങി. ഒടുവിൽ കോളേജിലെത്തിയപ്പോൾ കൂടെയുള്ളതെല്ലാം കേരളത്തിനു പുറത്തു നിന്നുള്ള കുട്ടികൾ. ഇംഗ്ലീഷ് സംസാരിക്കുകയല്ലാതെ മറ്റ വഴിയില്ല. ഐ. ഐ. ടിയിലെ ആദ്യ അദ്ധ്യയന വർഷം കഴിയാറായപ്പോൾ തന്നെ അനാമിക ഇംഗ്ലീഷിനോടുള്ള ഭയത്തെയും തോൽപ്പിച്ചു. അനായാസമായി അവൾ ഇംഗ്ലീഷ് സംസാരിച്ചു തുടങ്ങി.

12 വർഷത്തെ ഇംഗ്ലീഷ്ഭാഷാ പരിചയം കൊണ്ട്സ്കൂളിൽനിന്ന്പഠിക്കാൻസാധിക്കാത്തത് അനാമിക പഠിച്ചത് പുറത്തു നിന്നാണ്. ജീവിതത്തിലെ പല അറിവുകളും ഇങ്ങനെയാണ്. അനുഭവങ്ങളിലൂടെ ആർജിക്കുന്നവ.

സ്കൂളിലെയുംകോളേജുകളിലെയുംകലാ-കായിക മേളകളാണ് പലരും ഉപയോഗിക്കാതെ പോകുന്ന മനോഹരമായ അവസരങ്ങൾ. സ്വന്തം ക്ലാസ് മുറിക്ക് പുറത്ത് പലരെയും പരിചയപ്പെടാനും പല സംഘങ്ങളുടെ ഭാഗമാകാനുമുള്ള ഇത്തരം അവസരങ്ങൾ പാഴാക്കരുത്. നമ്മുടെ ഉള്ളിലെ നേതൃത്വഗുണത്തെയും മറ്റുള്ളവരുമായി ഇടപഴകാനുള്ള കഴിവിനെയും തിരിച്ചറിയാൻ ഈ അവസരങ്ങൾ വിനിയോഗിക്കണം. പുതിയ ലോകത്തിന്റെ ഭാഗമാകണം.

സ്കൂളുകളിലും കോളേജുകളിലും സാമൂഹ്യവത്കരണത്തിനുള്ള ഇടങ്ങളാണ് സംഘടനകൾ. രാഷ്ട്രീയ പാർട്ടികളെ പോലെ തന്നെ കലാലയങ്ങളിലെ വിവിധ സംഘനകളിൽ പങ്കാളികളാകുന്നതിനൊപ്പം അതിന്റെ തലപ്പത്തും വിവിധ സ്ഥാനങ്ങളിലും എത്തിച്ചേരാൻ ശ്രമിക്കണം. സംഘാടനം, സഹകരണം, സാമ്പത്തികം തുടങ്ങി വിവിധ വിഷയങ്ങളിൽ ശോഭിക്കാൻ ഇത് നിങ്ങളെ സഹായിക്കും.

ക്ലാസ് മുറികളുടെ കൊട്ടിയടച്ച ജാലകങ്ങൾ മെല്ലെ തുറന്ന നോക്കൂ. അവിടെയാണ് ഓരോരുത്തർക്കും അവരവരെ കണ്ടെത്താനുള്ള ഇടം.

മികച്ച ഓപ്ഷനുകൾ ഇവിടെയുണ്ട്

MANIPAL UNIVERSITY
INSPIRED BY LIFE

ഇഷ്ടമുള്ള കോഴ്സ്തിരഞ്ഞെടുക്കുന്നതിനുത്തോളം തന്നെ ആശങ്കയുണ്ടാകും അതിനായി മികച്ച സ്ഥാപനം തിരഞ്ഞെടുക്കുമ്പോഴും. ആറ് ദശാബ്ദം പഴക്കമുള്ള മണിപ്പാൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി കരുതിയിരിക്കുന്ന ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ ഏറെ വ്യത്യസ്തമാണ്.

എൻജിനിയറിംഗ്, ആർകിടെക്ചർ, ഡിസൈൻ, മാനേജ്മെന്റ്, യൂറോപ്യൻ സ്റ്റഡീസ്, ഹോട്ടൽ മാനേജ്മെന്റ്, മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ, മെഡിക്കൽ, ഡെന്റൽ സ്റ്റഡീസ്, ഇൻഫർമേഷൻ സയൻസ്, ലൈഫ് സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, അറ്റോമിക് ആൻഡ് മോളിക്കുലാർ ഫിസിക്സ്, ലൈബ്രറി സയൻസ്, ഫാർമസി, നഴ്സിംഗ്, പാരാമെഡിക്കൽ, പബ്ലിക് ഹെൽത്ത് ജിയോപൊളിറ്റിക്സ് കോഴ്സുകളാണ് ഇവിടെയുള്ളത്.

എൻജിനിയറിംഗ്

ഓട്ടോമൊബൈൽ, ബയോമെഡിക്കൽ, ബയോടെക്നോളജി, എയ്റോനോട്ടിക്കൽ, കമ്പ്യൂട്ടർ, കമ്മ്യൂണിക്കേഷൻ, ഐ.ടി. ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, ഇൻഡസ്ട്രിയൽ ആൻഡ് പ്രൊഡക്ഷൻ, മെക്കാട്രോണിക്സ് എന്നിവയിൽ ബി.ടെക് പ്രോഗ്രാമുകൾ മണിപ്പാൽ യൂണിവേഴ്സിറ്റി നൽകുന്നുണ്ട്. എൻവിറോൺമെന്റൽ എൻജിനീയറിംഗ്, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ ആൻഡ് റോബോട്ടിക്സ്, സ്ട്രക്ചറൽ എൻജിനിയറിംഗ്, ഡിജിറ്റൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്ആൻഡ്ഇൻഫർമേഷൻ സെക്യൂരിറ്റി തുടങ്ങിയ ബ്രാഞ്ചുകളിൽ എം.ടെക്പ്രോഗ്രാമുകളുണ്ട്.

മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ

ബി. എ, എം. എ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ, ആനിമേഷൻ, എം.എ ഫിലിം ആർട്ട്ആൻഡ്ഫിലിം ബാങ്കിംഗ് എന്നിവസ്കൂൾ ഒഫ്മീഡിയ സ്റ്റഡീസിലെ കോഴ്സുകളാണ്. ഇൻഫർമേഷൻ സയൻസിൽ ബിഗ്ഡേറ്റ അൻഡ്ഡേറ്റ അനലിറ്റിക്സ്, ഇൻഫർമേഷൻ സയൻസിൽ എം.എസ്സി, എം.എ എംബഡഡ്സിസ്റ്റംസ്, കമ്പ്യൂട്ടിംഗ്ടെക്നോളജിമുതലായവയ്ക്കും സാദ്ധ്യത ഏറെയുണ്ട്.

മെഡിക്കൽ, ഡെന്റൽ, പാരാമെഡിക്കൽ കോഴ്സുകൾ

എം. ബി. ബി. എസ്, ബി. ഡി. എസ്, പി.ജി. സീറ്റുകൾക്ക് നീറ്റ് റാങ്ക് ലിസ്റ്റിൽ നിന്നാണ് സെലക്ഷൻ. എം. എസ്സി. യോഗ തെറാപ്പി, പി.ജി. സർട്ടിഫിക്കറ്റ് ഇൻ പഞ്ചകർമ്മ, ബി. ഫാം, ഫാം. ഡി, പി.ജി. സർട്ടിഫിക്കറ്റ് ഇൻ ലേസർ ഡെന്റിസ്ട്രി. ഓറൽ ഇംപ്ലാന്റോളജി, ഈസ്തറ്റിക്സ് ഡെന്റിസ്ട്രി എന്നിവ മികച്ച തൊഴിലധിഷ്ഠിത പ്രോഗ്രാമുകളാണ്. ഫിസിയോതെറാപ്പി, ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി, ഒപ്റ്റോമെട്രി, എക്സർസൈസ് ആൻഡ് സ്പോർട്സ് സയൻസ്, നഴ്സിംഗ്, ഓഡിയോളജി തുടങ്ങി നിരവധി പാരാമെഡിക്കൽ ബിരുദ പ്രോഗ്രാമുകൾമണിപ്പാൽ സർവകലാശാലയിലുണ്ട്.

സയൻസ് വിഷയങ്ങളെ പോലെ ആർട് വിഷയങ്ങൾക്കും ഇവിടെ തുല്യ പ്രാധാന്യം നൽകുന്നുണ്ട്. ബി. എ. ഹ്യൂമാനിറ്റീസ്, ഫിലോസഫി, ഇംഗ്ലീഷ്, സോഷ്യോളജി എന്നിവയും തിരഞ്ഞെടുക്കാം.

ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

വിവരങ്ങൾക്ക്www.manipal.edu, സന്ദർശിക്കുക. E-mail admission@manipal.edu.

ENGLISH FOR COMPETITIVE EXAMS

കെ. ചെല്ലയ്യൻ നാടാർ
എം.എ, എൽഎൽ.ബി
Phone : 9495831406

Number : singular and plural : ball / balls Part III

The Minister says the medias are trying to set the agendas for the govt?

Secretariat Assistant പരീക്ഷയ്ക്ക് ചോദിച്ച ഒരു ചോദ്യമിതാ : Which one of the following sentences is grammatically correct? (a) Mother-in-laws always quarrel with their daughter-in-laws. (b) That news is not reliable. (c) These deers have been brought from the forests of South Africa. (d) He is only a six years old child. Number അഥവാ വചനവുമായി ബന്ധപ്പെട്ടതാണ് ഈ ചോദ്യം. ഇവയിൽ (b) മാത്രമാണ് ശരി. ഒന്നാമത്തെ വാക്യത്തെmothers-in-law/daughters-in-law എന്നും, മൂന്നാമത്തെ വാക്യത്തെthese deer (these deers അല്ല) എന്നും നാലാമത്തെ വാക്യത്തെ He is only a six-year-old child എന്നും തിരുത്തണം. നാലാമത്തെpoint ഒന്നുകൂടി വ്യക്തമാക്കാം: 'Be' എന്ന verb-ന് ശേഷം മാത്രമേ 'years old' എന്ന പ്രയോഗിക്കാവൂ. Am, is, are, was, were മുതലായവ 'be' യുടെ form-മുകൾ ആണ്. അതുകൊണ്ട് അവയ്ക്കുശേഷം years old എന്ന് പ്രയോഗിക്കാം : I am ten years old / Sandra is eight years old എന്നിങ്ങനെ. ഈ വാക്യങ്ങളെ I am a ten-year-old boy / Sandra is an eight-year-old girl എന്ന ഘടനയിലും ഉപയോഗിക്കാം. ഈ ഘടനയിൽ boy, girl എന്നീ noun-ണുകളുടെ മുമ്പിൽ ten-year-old / eight-year-old മുതലായ compound adjective-കൾ വേണം ഉപയോഗിക്കാൻ. Compound adjective-വിൽ year എന്ന singular noun തന്നെ വേണം. അതിന്റെ മുമ്പിലും പിമ്പിലും hyphen ഇടണം : a six - year - old child. ഈ വ്യാകരണതത്വമനുസരിച്ച് മൂന്നു ആഴ്ച പ്രായമുള്ള കുഞ്ഞിനെ a three - week - old baby എന്നോ The baby is three weeks old എന്നോ പറയാം ; three 'weeks' old baby എന്നു പറയാൻ പാടില്ല.

അതുപോലെ noun + of + number എന്ന ഘടനയിലുള്ള വാക്യത്തിലും years എന്ന plural noun ഉപയോഗിക്കാൻ പാടില്ല : He fell in love with a young girl of nineteen ; he fell in love with a young girl of nineteen years old അല്ല.

16. Noun + preposition + noun എന്ന ഘടനയിലുള്ള noun-ണുകളെ ബഹുവചനമാക്കുന്നതു ആദ്യത്തെ element-നെ (principal word) ബഹുവചനമാക്കിയാണ്.

Commander-in-chief - ഇതിലെ principal word ആദ്യത്തെ element ആണ്. അതുകൊണ്ട് ബഹുവചനം commanders-in-chief; commander-in-chiefs അല്ല. Mothers-in-law ; daughters-in-law ; sons-in-law ; sisters-in-law ; fathers-in-law ; brothers-in-law, maids-of-honour മുതലായവയാണു ശരി. Coat-of-mail നെ coats-of-mail എന്നും grant-in-aid നെ grants-in-aid എന്നും man-of-war നെ men-of-war എന്നും chief-of-staff നെ chiefs-of-staff എന്നും court-of-enquiry യെ courts-of-enquiry എന്നും court-of-appeal നെ courts-of-appeal എന്നും court-of-law യെ courts-of-law എന്നും മാറ്റി ബഹുവചനമാക്കാം.

രണ്ടു elements മാത്രമുള്ള ചില വാക്കുകളെ ബഹുവചനമാക്കുന്നതുംprincipal element-ൽമാറ്റം വരുത്തിതന്നെ : passer-by, passers-by ; hanger-on, hangers-on ; looker-on, lookers-on ; runner-up, runners-up ; Governor-General, Governors-General (Governor Generals-ഉം ശരി തന്നെ) knight-errant, knights-errant ; court-martial, courts-martial ; attorney-general, attorneys-general ; Poet Laureate, Poets Laureate (=ആസ്ഥാന കവികൾ)

എന്നാൽ step-son, step-mother, step-sister, step-child, step-brother, step-parent, fellow-passenger മുതലായവയിലെ രാമത്തെ element ആണ് ബഹുവചനമാക്കുന്നത് - step-child Æ step-children.

17. Principal word ഒരു verb ആണെങ്കിൽ അവസാനത്തെ element-നെ ബഹുവചനമാക്കുക:

hold-up, hold ups ; hold-all, hold-alls ; look-out, look-outs ; pick-me-up, pick-me-ups.

18. രണ്ടു element-കളെയും ബഹുവചനമാക്കേണ്ട വാക്കുകളുണ്ട്: man-servant, men-servants ; woman-servant, women-sevants (എന്നാൽ maid-servant , maid servants) Knight Templar, Knights Templar (Knight templar-ഉം ശരിതന്നെ) Lord-justice, Lords-justices; woman-doctor, women-doctors ; woman-student, women-students ; man-driver, men-drivers ; man-child, men children. എന്നാൽ man-eater, man-eaters; man-hour, man-hours.

19. Compound noun-ണുകളിലെ രണ്ടാമത്തെ element-കളെബഹുവചനമാക്കുന്നു.(രണ്ടോ അതിൽ കൂടുതലോ noun-ണുകൾ ചേർന്നതാണ് compound noun ഉദാ : paper bag ; waiting room ; glass coffee-table) Compound noun ഉണ്ടാക്കുന്നത് പ്രധാനമായും മൂന്നു വിധത്തിലാണ്. 1. noun + noun : hall door; kitchen table ; traffic warden ; river bank. 2. noun + gerund : fruit picking, bird watching, coal mining 3. gerund + noun : waiting list, driving board, dining room, driving licence

NB : Noun + gerund എന്ന വിഭാഗത്തിൽപ്പെട്ട compound noun കളെ സാധാരണഗതിയിൽ plural ആക്കാറില്ല.

20. ചില നാമങ്ങൾ രൂപത്തിൽ ഏകവചനമായിരിക്കും. എന്നാൽ അവ യഥാർത്ഥത്തിൽ ബഹുവചനങ്ങളാണ്. അവയ്ക്കുശേഷം plural verb ഉപയോഗിക്കണം : police, clergy, cattle, livestock, laity, cavalry, infantry, vermin, people, gentry മുതലായ വാക്കുകൾ ഈവിഭാഗത്തിൽപ്പെടുന്നു: The 'police' 'have' warned motorists to take extra care / All the local 'clergy' 'were' asked to attend the ceremony. / The 'cattle' 'were' grazing in the meadow. People എന്ന വാക്കിനെnation എന്ന അർത്ഥത്തിൽഉപയോഗിക്കുമ്പോൾ അതിന് peoples എന്ന plural ഉണ്ട് : Many different 'peoples' live in Europe.

Foreign Plurals

ലാറ്റിൻ, ഗ്രീക്ക്, ഇറ്റാലിയൻ മുതലായ ഭാഷകളിൽ നിന്ന് അനേകം വാക്കുകൾ ഇംഗ്ലീഷ് കടംകൊണ്ടിട്ടുണ്ട്. ഇവയെ നമുക്ക് loan words എന്ന വിളിക്കാം. Loan words എങ്ങനെ ബഹുവചനമാകുന്നുവെന്ന പരിശോധിക്കാം.

21. 'um' കൊണ്ടവസാനിക്കുന്ന loan word-ലെ, um, plural ആക്കുമ്പോൾ a ആയി മാറുന്നു:

Agendum, agenda / agendas ; datum, data ; addendum, addenda ; bacterium, bacteria ; erratum, errata ; corrigendum, corrigenda ; ovum, ova ; stratum, strata. എന്നാൽ ഇപ്പോൾ agenda, data എന്നീ വാക്കുകളെ ഏകവചനമായും ബഹുവചനമായും ഉപയോഗിക്കാറുണ്ട് : The agenda 'has' / 'have' been drawn up. Agendas എന്ന വാക്കും പ്രചാരത്തിലുണ്ട്. എന്നാൽ agendum ഏതാണ്ട് അപ്രത്യക്ഷമായി എന്നു തന്നെ പറയാം. അതുപോലെ data എന്ന വാക്കിനെ ഏകവചനമായും ബഹുവചനമായും ഉപയോഗിക്കാം : The data is/are reliable.

22. Um കൊണ്ടവസാനിക്കുന്ന ചില വാക്കുകളോട് 's' ചേർത്തു ബഹുവചനമാക്കാം :

album, albums ; asylum, asylums ; harmonium, harmoniums ; museum, museums.

23. രണ്ടു ബഹുവചനരൂപങ്ങളുള്ള വാക്കുകളുമുണ്ട്:

acquarium, acquaria / acquariums ; curriculum, curricula / curriculums ; forum, fora / forums; medium, media / mediums ; memorandum, memoranda / memorandums ; stadium, stadia / stadiums; symposium, symposia / symposiums ; premium, premia / premiums ; referundum, referenda / refrendums ; ultmatum, ultimata / ultimatums.

NB : Medium എന്ന വാക്കിന് media എന്നും mediums എന്നും രണ്ടു ബഹുവചനരൂപങ്ങൾ ഉണ്ട്. എന്നാൽ medias എന്നൊരു വാക്കില്ല. നിർഭാഗ്യവശാൽ വിദ്യാസമ്പന്നരായ ആളുകൾപോലും medias എന്ന് തെറ്റായി പ്രയോഗിക്കാറുണ്ട്. (ഈ പാഠത്തിന്റെ ആരംഭത്തിൽ കണ്ട വാക്യത്തെ..... the media is/are trying to set the agenda ... എന്നതിരുത്താം.) അതുകൊണ്ട് The medias, especially television, have a very powerful influence എന്ന വാക്യം തെറ്റാണ്. The media ... have .... എന്ന് വാക്യത്തെ തിരുത്തണം. മാത്രമല്ല media, singular എന്ന് ധരിച്ച് Television is a very powerful media എന്ന് കാച്ചുന്നവരുമുണ്ട്. Television is a very powerful medium എന്നാണ് വേണ്ടത്. ടെലിവിഷൻ, റേഡിയോ, ന്യൂസ്പേപ്പർ, ഇന്റർനെറ്റ് മുതലായവയെല്ലാം ഉൾപ്പെടുതാണ് the media. ഇതിനെ singular ആയും plural ആയും ഉപയോഗിക്കാം. അതായതു the media is എന്നും the media are എന്നും ഉപയോഗിക്കാം. എന്നാൽ singular verb-ന് സ്വീകാര്യത കുറവാണ്.

മരിച്ചവരുടെ ആത്മാവുമായി സംസാരിക്കാൻ കഴിവുണ്ടെന്ന് അവകാശപ്പെടുന്ന വ്യക്തിയെയും medium എന്നു വിളിക്കും. ഇതിന്റെ ബഹുവചനമാണ് mediums : She visited a medium to try to talk to her dead son.

24. 'Is' കൊണ്ടവസാനിക്കുന്ന വാക്കുകളെ ബഹുവചനമാക്കുന്നത് is-നെ es ആക്കിയിട്ടാണ്.

analysis, analyses ; thesis, theses ; crisis, crises; diagnosis, diagnoses; ellipsis, ellipses ; synopsis, synopses ; oasis, oases ; hypothesis, hypotheses ; എന്നാൽ metropolis, metropolises. Precis യുടെ ബഹുവചനം precis തന്നെയാണ്.

ചോദ്യങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം:

ദി എഡിറ്റർ,
ലക്ഷ്യ,
കേരളകൗമുദി,
പേട്ട, തിരുവനന്തപുരം - 24.